**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 45** **28-06-2022 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. നഷ്ടപരിഹാരം ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനങ്ങളുടെ നികുതി നിർണയാധികാരം കവർന്നുകൊണ്ട് അനവധാനതയോടെ നടപ്പിലാക്കിയ ജി.എസ്.ടി. സംസ്ഥാന നികുതി വരുമാനത്തിൽ സൃഷ്ടിച്ച പ്രതികൂല അവസ്ഥ വിലയിരുത്തിയിരുന്നോ; | (എ) | പ്രാപ്യസ്ഥാനാധിഷ്ഠിതമായ ജി.എസ്.ടി. നികുതി സമ്പ്രദായം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് വലിയ നേട്ടമായിരിക്കും എന്നാണ് പ്രതീക്ഷിച്ചതെങ്കിലും, നികുതി പിരിവിൽ പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായില്ല. ജി.എസ്.ടി. വന്നതോടുകൂടി സംസ്ഥാനങ്ങൾക്ക് നികുതി നിയമത്തിന്മേൽ ഒറ്റയ്ക്ക് തീരുമാനം എടുക്കാൻ കഴിയാതായി. ജി.എസ്.ടി. തുടക്കത്തിൽ വിഭാവനം ചെയ്തിരുന്ന ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാതെ വന്നതും, കോവിഡും പ്രകൃതി ദുരന്തങ്ങളും ഏല്പിച്ച ആഘാതങ്ങളും ജി.എസ്.ടി. വരുമാനം പ്രതീക്ഷിച്ച തോതിൽ വർദ്ധിക്കാത്തതിന് പ്രധാന കാരണങ്ങൾ ആണ്. ജി.എസ്.ടി. ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണ്ണമായും നടപ്പാക്കാത്തതുമൂലം വിവരങ്ങൾ കാര്യക്ഷമമായി പരിശോധിക്കുന്നതിനും, സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട ഇൻപുട്ട് ടാക്സ് കൃത്യമായി ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും നിലവിൽ കഴിയാത്ത സ്ഥിതിയാണ്.<br><br>രാജ്യമൊട്ടാകെ ജി.എസ്.ടി. വരുമാനത്തിലുണ്ടായ വളർച്ചയ്ക്ക് ആനുപാതികമായ വളർച്ച ജി.എസ്.ടി. വരുമാനത്തിൽ കേരളത്തിലും ഉണ്ടാകുന്നുണ്ട്. എന്നാൽ ജി.എസ്.ടി. നഷ്ടപരിഹാര നിയമത്തിൽ പറഞ്ഞിരിക്കുന്നതു പ്രകാരമുള്ള 14% നികുതി വർദ്ധനവ് ഇതുവരെ പ്രാപ്യമായിട്ടില്ല.<br><br>ജി.എസ്.ടി. നിയമം നടപ്പിൽ വരുത്തിയപ്പോൾ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് നൂറ്റിഒന്നാം ഭരണഘടനാ ഭേദഗതി പ്രകാരം കോമ്പൻസേഷൻ കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് നൽകണമെന്ന |

| | | | |
|---|---|---|---|
| | | | വ്യവസ്ഥ നടപ്പിലാക്കിയിരുന്നു. ഈ നഷ്ടപരിഹാര കാലാവധി 2022 ജൂണിൽ അവസാനിക്കും. കോവിഡ് ലോക്ക്ഡൗൺ സാഹചര്യങ്ങൾ ഉണ്ടാക്കിയ പ്രതിസന്ധികൾക്കിടയിൽ ജി.എസ്.ടി. നഷ്ടപരിഹാരം കൂടി നിർത്തലാക്കുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കും എന്നാണ് കണക്കാക്കുന്നത്. ജി.എസ്.ടി. നഷ്ടപരിഹാരം തുടരണമെന്ന ആവശ്യം സംസ്ഥാനം നിരന്തരം ഉന്നയിച്ചുവരികയാണ്. |
| (ബി) | കേന്ദ്ര സർക്കാരിന്റെ വികല സാമ്പത്തിക നയങ്ങൾ കൊണ്ട് സാമ്പത്തിക തകർച്ച നേരിടുന്ന ഘട്ടത്തിൽ കോവിഡും കേന്ദ്ര സർക്കാരിന്റെ അശാസ്ത്രീയ ലോക്ഡൗണും സാമ്പത്തിക മാന്ദ്യത്തിന് വഴിവച്ച സാഹചര്യത്തിൽ ജി.എസ്.ടി. നഷ്ടപരിഹാരം ലഭ്യമാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (ബി) | ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടണം എന്ന ആവശ്യം കേരളം ഉൾപ്പടെയുള്ള പല സംസ്ഥാനങ്ങളും ജി.എസ്.ടി. കൗൺസിലിൽ ആവശ്യപ്പെട്ടിട്ടുണ്ട്. 2021 സെപ്റ്റംബറിൽ നടന്ന നാല്പത്തിയഞ്ചാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിൽ ഇത് സംബന്ധിച്ച അജണ്ട വിഷയം ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. കോവിഡ് പ്രതിസന്ധി മൂലം സംസ്ഥാനങ്ങൾക്കുണ്ടായ സാമ്പത്തിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടണം എന്ന ആവശ്യം പ്രസ്തുത മീറ്റിങ്ങിൽ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടുന്നത് സംബന്ധിച്ച് അനുകൂലമായ തീരുമാനങ്ങളൊന്നും ഇതുവരെ ജി.എസ്.ടി. കൗൺസിൽ സ്വീകരിച്ചതായി കാണപ്പെടുന്നില്ല. |
| (സി) | വരുമാന സ്രോതസ്സ് തകർക്കുന്ന കേന്ദ്ര സർക്കാർ നടപടി സംസ്ഥാനത്തെ ക്ഷേമ, വികസന പ്രവർത്തനങ്ങളെ പ്രതിസന്ധിയിലാക്കാൻ ഇടയുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | കോവിഡ് ലോക്ക്ഡൗൺ സാഹചര്യങ്ങൾ ഉണ്ടാക്കിയ പ്രതിസന്ധികൾക്കിടയിൽ ജി.എസ്.ടി. നഷ്ടപരിഹാരം കൂടി നിർത്തലാക്കുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കും എന്നാണ് കണക്കാക്കുന്നത്. ഈ സാഹചര്യത്തിൽ നികുതി വെട്ടിപ്പ് തടഞ്ഞ് ജി.എസ്.ടി. നികുതി പിരിവ് കൂടുതൽ കർശനവും കാര്യക്ഷമവുമാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ